# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. **2468**

**06.12.2018 ൽ മറുപടിക്ക്**

**നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധന**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.പി. അനിൽ കുമാർ | | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രളയാനന്തരം നിർമ്മാണ സാമഗ്രികളുടെ വില കുതിച്ചുകയറുന്നതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സിമന്റ്, കമ്പി, മെറ്റൽ, കരിങ്കല്ല് തുടങ്ങിയവയുടെ വില കുത്തനെ ഉയർന്നത് നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;ഇല്ലെങ്കിൽ ആയതിനായി അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തെ കെട്ടിട, റോഡ്, നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായും കരിങ്കല്ലിന്റെയും മെറ്റലിന്റെയും ലഭ്യത വർദ്ധിപ്പിച്ച് വില വർദ്ധനവ് തടയുന്നതിനായും സിമന്റ് വില വർദ്ധനവ് പരിഹരിക്കുന്നതിനായും ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.<br><br>1. 5-ഹെക്ടറിനു താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാ തലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പരിസ്ഥിതിയാഘാത നിർണ്ണയ അതോറിറ്റി (DEIAA)-യുടേയും ജില്ലാതല അപഗ്രഥന സമിതി (DEAC) യുടേയും പ്രവർത്തനം കാര്യക്ഷമമാക്കി.<br>2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.<br>3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22.06.2017 ലെ സ.ഉ(പി) 25/2017/ഐ.ഡി നമ്പരായ |

സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുന:സ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തുകയും ചെയ്തു.

4. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും ചീഫ് സെക്രട്ടറി, സെക്രട്ടറി തലത്തിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി.
5. അന്യ സംസ്ഥാനത്തു നിന്നും / വിദേശത്തുനിന്നും കരിങ്കല്ല്/ മണൽ ഇറക്കുമതി ചെയ്യുന്നതിന് വേണ്ട മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.
6. കേരളത്തിൽ സിമന്റിന്റെ വില മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതൽ ആണെന്ന പരാതിയെ തുടർന്ന് ബഹു. മുഖ്യമന്ത്രി, വ്യവസായ മന്ത്രി എന്നിവരുടെ അദ്ധ്യക്ഷതയിൽ സിമന്റ് ഉത്പാദകരുടെ യോഗം വിളിക്കുകയും സിമന്റ് വില കുറയ്ക്കണമെന്ന നിർദ്ദേശം നൽകുകയും ചെയ്തു.
7. ക്വാറി ഉത്പന്നങ്ങളുടെ വില വർദ്ധിച്ചിട്ടുണ്ട് എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്ക് ക്വാറി/ ക്രഷർ ഉടമകളുടെ യോഗം വിളിച്ച് ഉചിത നടപടികൾ എടുക്കുവാൻ നിർദ്ദേശം നൽകി.
8. 09.03.2018, 21.11.2018 തീയതികളിൽ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ ജിയോളജിസ്റ്റുമാരുടെ യോഗം വിളിക്കുകയും ഖനനാനുമതി അനുവദിക്കുന്നതിലെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും നിയമപരമായി അനുമതി നൽകാനു കഴിയുന്ന എല്ലാ കേസുകളിലും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തു.

സെക്ഷൻ ഓഫീസർ